**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 343** **23-06-2026-ൽ മറുപടിയ്ക്ക്**

**പി.എസ്.സി. മുഖേന പോലീസ് സേനയിലെ നിയമനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** 2021 - 2026 സർക്കാർ കാലയളവിൽ എത്ര പേരെയാണ് പോലീസ് സേനയിലേയ്ക്ക് പി.എസ്.സി. മുഖേന നിയമിച്ചത്; ഇതിൽ സബ് ഇൻസ്പെക്ടർ, സിവിൽ പോലീസ് ആഫീസർ, വുമൺ സിവിൽ പോലീസ് ആഫീസർ എന്നീ തസ്തികകളിൽ നിയമിച്ചവരുടെ എണ്ണം കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

**മറുപടി:** 2021-26 സർക്കാർ കാലയളവിൽ പോലീസ് സേനയിലേക്ക് 13,138 പേരെ പി.എസ്.സി മുഖേന നിയമിച്ചിട്ടുണ്ട്. ഇതിൽ സബ് ഇൻസ്പെക്ടർ, സിവിൽ പോലീസ് ഓഫീസർ, വനിതാ സിവിൽ പോലീസ് ഓഫീസർ എന്നീ തസ്തികകളിൽ 11,732 പേരെ നിയമിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

സബ് ഇൻസ്പെക്ടർ-754

സിവിൽ പോലീസ് ഓഫീസർ -9003

വനിതാ സിവിൽ പോലീസ് ഓഫീസർ - 1975

ആകെ -11,732

**(ബി)** നിലവിൽ പോലീസ് സേനയിൽ എത്ര ഒഴിവുകൾ ഉണ്ട്; കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

**മറുപടി:** വിവരം ശേഖരിച്ച വരുന്നു.

**(സി)** ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് ത്വരിതഗതിയിൽ നടപടികൾ സ്വീകരിക്കുമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

**മറുപടി:** എൻട്രി കേഡർ തസ്തികകളായ പോലീസ് കോൺസ്റ്റബിൾ, വനിതാ പോലീസ് കോൺസ്റ്റബിൾ, സബ് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ പി.എസ്.സി മുഖേന നികത്തുന്നതിന് ലഭ്യമായ എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയതിട്ടുള്ളതാണ്. പ്രമോഷൻ, ബൈ-ട്രാൻസ്ഫർ എന്നീ മാർഗ്ഗങ്ങളിലൂടെ നികത്തേണ്ട തസ്തികകളിലെ ഒഴിവുകൾ സമയ ബന്ധിതമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**